**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1294** **15-10-2026-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - എക്കൽ മണ്ണ് നീക്കം ചെയ്യലും ചാലിയാറിലെ വെള്ളപ്പൊക്ക നിയന്ത്രണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ പുഴകളിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** എക്കൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടത്തുന്നത് ഇറിഗേഷൻ വകുപ്പാണ്.

**(ബി)** എക്കൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മൺസൂൺ കാലത്ത് ചാലിയാറിൽ വെള്ളം കയറുന്നത് മൂലം പ്രദേശത്ത് വ്യാപകമായ കൃഷിനാശവും പ്രകൃതിദുരന്തങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ചാലിയാറിൽ വൻതോതിൽ ചളിയും മണലും അടിഞ്ഞുകൂടി ചെറിയ മഴയ്ക്കുതന്നെ വെള്ളപ്പൊക്കവും കൃഷിനാശവും ഉണ്ടാവുന്നതുമായി ബന്ധപ്പെട്ട MLAയുടെ പരാതിയെത്തുടർന്ന്, മാവൂർ പഞ്ചായത്തിലെ ചാലിയാർ പുഴയിൽ മണൽഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായി CSIR-NIIST തയ്യാറാക്കി സമർപ്പിച്ച ഡിസ്ട്രിക്ട് സർവ്വെ റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ ചാലിയാറിൽ നിന്ന് മണൽ ഖനനത്തിന് ആവശ്യമായ അളവിൽ മണൽ ലഭ്യമല്ലാത്തതിനാൽ കോഴിക്കോട് ജില്ലയിൽ മണൽ ഖനനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലെന്നും, 2023ലെ ഡിസ്ട്രിക്ട് സർവ്വെ റിപ്പോർട്ടിന് ശേഷം മണൽ ഖനനം സംബന്ധിച്ച മറ്റ് പഠനങ്ങൾ നടന്നതായി കാണുന്നില്ലെന്നും ആയതിനാൽ പുതുതായി പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കോഴിക്കോട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

**(ഡി)** ചാലിയാറിലെ ആഴവും ഒഴുക്കും വർദ്ധിപ്പിച്ച് വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും എക്കൽ മണ്ണ് അടിയന്തരമായി നീക്കം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**